## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **29/05/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. മുകേഷ്<br>,, എസ്.ശർമ്മ<br>,, എം. രാജഗോപാലൻ<br>,, പി.വി. അൻവർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയത്തിന്റെ ഫലമായി ധനമൂല ധന ശക്തികളുടെയും വൻകിട ക്കാരുടെയും താൽപര്യങ്ങൾ സംര ക്ഷിക്കുന്ന രീതിയിൽ പൊതുമേഖല ബാങ്കുകൾ ഉൾപ്പെടെയുള്ള വാണിജ്യ ബാങ്കുകൾ മാറിയിരി ക്കുന്നതിന് ബദലായി സമൂഹ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന കേരള ബാങ്കിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ റിസർവ്വ്ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുന്നേ പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമ പ്രകാരം പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | നിക്ഷിപ്ത താല്പര്യക്കാരുടെ അട്ടിമറിശ്രമം അതിജീവിച്ചുകൊണ്ട് ജില്ലാ ബാങ്കുകളുടെ ലയനം പൂർത്തീകരിക്കാൻ സാധ്യമായി ട്ടുണ്ടോ; | (ബി) | മലപ്പുറം ജില്ലാ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമ പ്രകാരം പാസ്സാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജീവനക്കാരുടെ പുനർവിന്യാസവും സോഫ്റ്റ്‌വെയർ ഇന്റഗ്രേഷനും നടപ്പാക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (സി) | ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഇന്റഗ്രേഷനുവേണ്ടി ഏജൻസിയെ നിയമിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഡി) | മുൻ ഭരണസമിതിയുടെ കാലത്ത് അഴിമതിയും ക്രമക്കേടും കൊണ്ട് നഷ്ടത്തിലായിരുന്ന സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ ലാഭം നേടാനായിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ മൂന്ന് വർഷങ്ങളായി മികച്ച പ്രവർത്തന ലാഭത്തിലും നിലവിൽ സഞ്ചിതനഷ്ടം പൂർണ്ണമായും നികത്തി അറ്റലാഭത്തിലുമാണ്. |

സെക്ഷൻ ഓഫീസർ